മാധ്യമം
ESTD 1987 THE FIRST INTERNATIONAL INDIAN NEWSPAPER www.madhyamam.com

# അമൃതയിൽ 'സമാരംഭം'

കൊച്ചി: പുതിയ ബാച്ച് വിദ്യാർഥികളെ വരവേൽക്കാൻ അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആന്റ് കൊമേഴ്സ് ബ്രഹ്മസ്ഥാനം കാമ്പസിൽ 'സമാരംഭം 2025' പരിപാടി സംഘടിപ്പിച്ചു. എഴുന്നൂറോളം വിദ്യാർത്ഥികളാണ് പുതുതായി എത്തിയത്. കാർഷിക സർവകലാശാല വൈസ് ചാൻസലറുറെ ചുമതല വഹിക്കുന്ന സംസ്ഥാന  കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് മുഖ്യാതിഥിയായിരുന്നു. അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി പ്രഭാഷണം നടത്തി. അമൃത സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ വിഭാഗം മേധാവി ഡോ. ശാന്തികുമാർ നായർ  അധ്യക്ഷത വഹിച്ചു. ക്യാംപസ് ഡയറക്ടറും ഡീനുമായ ഡോ. യു കൃഷ്ണകുമാർ, ഡോ. നാരായണൻ മേനോൻ കൊമേരത്ത്, ഡോ. ശരത് മേനോൻ, ഡോ. പി. രാജശേഖർ എന്നിവർ സംസാരിച്ചു.